"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്-ഇടുക്കി ബ്ലോക്ക് പഞ്ചായത്ത് 2022-23 വർഷം പാലിയേറ്റീവ് പരിചരണവുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയ സ്നേഹധാര ആയുർവ്വേദ പാലിയേറ്റീവ് പരിചരണം (പ്രോജക്ട് നം. 43/2022-23), വയോജനങ്ങൾക്ക് സാന്ത്വന പരിചരണം- ജെറിയാട്രിക്സ്(പ്രോജക്ട് നമ്പർ-133/2022-23) എന്നീ പദ്ധതികൾക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ(എഎ)വകുപ്പ്**

സ.ഉ.(സാധാ) നം.1345/2024/LSGD തീയതി,തിരുവനന്തപുരം, 25-07-2024

പരാമർശം:-
1. 07/03/2019 ലെ സ.ഉ(സാ.ധാ ) 553/2019/ തസ്വഭവ നമ്പർ ഉത്തരവ്
2. ഇടുക്കി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 07.08.2023 ലെ P-877/2023 നമ്പർ കത്ത്
3. ബഹു ജലവിഭവ വകുപ്പ് മന്ത്രി മുഖാന്തിരം ഇടുക്കി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സമർപ്പിച്ച 22.08.2023 ലെ അപേക്ഷ
4. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 29.02.2024 ലെ LSGD/PD/59120/2023-DPLC1 നമ്പർ കത്ത്

**ഉത്തരവ്**

ഇടുക്കി ബ്ലോക്ക് പഞ്ചായത്ത് 2022-23 വർഷം പാലിയേറ്റീവ് പരിചരണവുമായി ബന്ധപ്പെട്ട് സ്നേഹധാര ആയുർവ്വേദ പാലിയേറ്റീവ് പരിചരണം (പ്രോജക്ട് നം. 43/2022-23), വയോജനങ്ങൾക്ക് സാന്ത്വന പരിചരണം- ജെറിയാട്രിക്സ്(പ്രോജക്ട് നമ്പർ- 133/2022-23) എന്നീ പദ്ധതികൾ ഏറ്റെടുത്തിട്ടുള്ളതും പ്രസ്തുത പദ്ധതികൾ മാർഗ്ഗരേഖ പ്രകാരം അല്ല എന്നത് ചൂണ്ടിക്കാട്ടി സംസ്ഥാന ഓഡിറ്റ് വകുപ്പ് തടസ്സം രേഖപ്പെടുത്തിയിട്ടുള്ളതുമാണ്. വളരെയധികം പ്രയോജനപ്രദമായ പദ്ധതി ആയതിനാൽ പ്രസ്തുത പദ്ധതിക്ക് സാധൂകരണം നൽകണമെന്നാവശ്യപ്പെട്ട് ഇടുക്കി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി എന്നിവർ അപേക്ഷ സമർപ്പിക്കുകയുണ്ടായി.

ഇടുക്കി ബ്ലോക്ക് പഞ്ചായത്ത് സ്നേഹധാര- ആയുർവ്വേദ പാലിയേറ്റീവ് പരിചരണം എന്ന പദ്ധതിയിലൂടെ വയോജനങ്ങൾക്കായി മെഡിക്കൽ ക്യാമ്പുകൾ, കൗൺസിലിംഗ്, കിടപ്പുരോഗികൾക്ക് മരുന്ന് എന്നിങ്ങനെ നിരവധി സൗകര്യങ്ങളാണ് നൽകി വരുന്നത്. മെഡിക്കൽ ഓഫീസർ, ജില്ലാ ആയുർവ്വേദ

ആശുപത്രി ആണ് പ്രസ്തുത പദ്ധതികളുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ. ജില്ലാ ആയുർവ്വേദ ആശുപത്രി കേന്ദ്രീകരിച്ചാണ് ബ്ലോക്ക് പഞ്ചായത്ത് ഈപദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളത്.എന്നാൽ പരാമർശം 1 പ്രകാരമുള്ള പാലിയേറ്റീവ് പരിചരണ പദ്ധതികളുടെ പരിഷ്കരിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക 3 . 4 പ്രകാരം ജില്ല പഞ്ചായത്താണ് ജില്ലാ ആശുപത്രി കേന്ദ്രീകരിച്ച് പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കേണ്ടതെന്നും ആയുർവ്വേദ വിഭാഗത്തിൽ പാലിയേറ്റീവ് പരിചരണം നടത്തുന്നതിന് 14-ാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിക്കുന്നില്ലായെന്നും ചൂണ്ടിക്കാണിച്ച് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് പ്രസ്തുത പദ്ധതികൾക്ക് തടസ്സം രേഖപ്പെടുത്തുകയുണ്ടായി.

ഇടുക്കി ജില്ലയിലെ ഭൂപ്രകൃതി അനുസരിച്ച് റോഡ് ഗതാഗതം തീരെ ഇല്ലാത്തതിനാൽ വളരെയേറെ യാത്രാക്ലേശം അനുഭവിച്ചാണ് മെച്ചപ്പെട്ട ചികിത്സ തേടി ആളുകൾ ആശുപത്രികളെ സമീപിക്കുന്നത്. സാധാരണക്കാരായ കിടപ്പു രോഗികളെ സംബന്ധിച്ചിടത്തോളം ഇത് വളരെ പ്രയാസമേറിയ കാര്യമാണ്.പല രോഗികളെയും കസേരകളിലിരുത്തി ചുമന്നാണ് ആശുപത്രികളിൽ എത്തിക്കുന്നത്. ഹോം നേഴ്സിന്റെ സേവനം ലഭിക്കാവുന്ന സാമ്പത്തിക സ്ഥിതി ഇല്ലാത്തതുകൊണ്ട് രോഗികളെ വീട്ടിലാക്കിയിട്ടാണ് പല കുടുംബങ്ങളും കാർഷിക ജോലിക്ക് പോകുന്നത്. ഈ സാഹചര്യത്തിൽ പാലിയേറ്റീവ് പരിചരണം പോലുള്ള പദ്ധതികൾ കിടപ്പു രോഗികൾക്ക് വളരെയേറെ പ്രയോജനം ചെയ്യുമെന്ന് ബോധ്യപ്പെട്ടതിനാലാണ് ബ്ലോക്ക് പഞ്ചായത്ത് പ്രസ്തുത പദ്ധതി ഏറ്റെടുത്തിട്ടുള്ളത് എന്നും കൂടാതെ പക്ഷാഘാതം പോലുള്ള രോഗങ്ങൾ മൂലം കിടപ്പിലായ രോഗികൾക്ക് ആയുർവേദ ചികിത്സ അത്യാവശ്യമായതിനാലാണ് ആയുർവേദ ചികിത്സയുടെ പ്രയോജനം ലഭ്യമാക്കിയത് എന്നും ഭാരതീയ ചികിത്സാ വകുപ്പ് മേഖലയിലും പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ നടത്താവുന്നതാണെന്ന് ഭാരതീയ ചികിത്സ വകുപ്പ് ഡയറക്ടറുടെ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുള്ളതാണ് എന്നും കൂടാതെ ഇടുക്കി ബ്ലോക്ക് പഞ്ചായത്തിന്റെ 60 കിലോമീറ്റർ ചുറ്റളവിൽ മറ്റ് ആയുർവേദ ആശുപത്രികൾ ഇല്ലാത്തതിനാലാണ് ജില്ലാ ആയുർവേദ ആശുപത്രി മുഖേന ബ്ലോക്ക് പഞ്ചായത്ത് പ്രസ്തുത പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുള്ളത് എന്നും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി പരാമർശം 2 പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഈ പദ്ധതിയുടെ പൊതുജന സ്വീകാര്യത മുൻ നിർത്തി നാഷണൽ ആയുഷ് മിഷൻ(NAM)ഇന്ത്യയിലൊട്ടാകെ ആദ്യഘട്ടമായി 100 ബ്ലോക്കുകൾ തെരഞ്ഞെടുത്ത് ഈ പദ്ധതി നടപ്പാക്കി വരുന്നു. 2014 ൽ ഇന്ത്യയിലെ ഏറ്റവും മികച്ച ബ്ലോക്കായി ഇടുക്കി ബ്ലോക്ക് പഞ്ചായത്തിനെ തിരഞ്ഞെടുക്കാൻ ഈ പദ്ധതി സഹായകമായി എന്നും ഓഡിറ്റ് വകുപ്പ് ചൂണ്ടിക്കാട്ടിയ ഉത്തരവ് പ്രധാനമായും അലോപ്പതി വിഭാഗത്തിനായുള്ള ഉത്തരവാണെന്നും, ഇടുക്കി ബ്ലോക്ക് പഞ്ചായത്തിന്റെ 60 കിലോമീറ്റർ ചുറ്റളവിൽ മറ്റ് ആയുർവേദ ആശുപത്രികൾ ഇല്ലാത്തതിനാലും ജില്ലാ ആയുർവേദ ആശുപത്രി മുഖേന നടപ്പിലാക്കിയ പ്രസ്തുത പദ്ധതികളുടെ പ്രയോജനം നിരാലംബരും കിടപ്പുരോഗികളും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുമായ വയോജനങ്ങൾക്ക് മെച്ചപ്പെട്ട ആയുർവേദ ചികിത്സയും പരിചരണവും ലഭ്യമാക്കിയിട്ടുള്ളതിനാലും സദുദ്ദേശപരമായും വിജയകരമായും നടപ്പിലാക്കിയിട്ടുള്ള പ്രസ്തുത പദ്ധതികൾക്ക് സാധൂകരണം നൽകാവുന്നതാണെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം 4 പ്രകാരം റിപ്പോർട്ട് ചെയ്യുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇടുക്കി ബ്ലോക്ക് പഞ്ചായത്ത് 2022-23 വർഷം പാലിയേറ്റീവ് പരിചരണവുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയ സ്നേഹധാര ആയുർവ്വേദ പാലിയേറ്റീവ് പരിചരണം (പ്രോജക്ട് നം. 43/2022-23), വയോജനങ്ങൾക്ക് സാന്ത്വന പരിചരണം- ജെറിയാട്രിക്സ്(പ്രോജക്ട് നമ്പർ- 133/2022-23) എന്നീ പദ്ധതികൾ വളരെയധികം പ്രയോജനപ്രദമായിരുന്നു എന്നത് പരിഗണിച്ച് പ്രസ്തുത പദ്ധതികൾക്ക് സാധൂകരണം നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**GANGA G R**

അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, ഇടുക്കി ബ്ലോക്ക് പഞ്ചായത്ത്
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, സ്വരാജ് ഭവൻ, നന്തൻകോട്, തിരുവനന്തപുരം
വെബ് &ന്യൂ മീഡിയ
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി(എഎ2/59/2023/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Signed by
Reji R S
Date: 25-07-2024 17:12:14